**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ്- വിശപ്പ് രഹിത കേരളം - കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ജനകീയ ഹോട്ടലുകൾക്ക് റേഷൻ കടകളിൽ നിന്നും അരി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

======================================================================

**ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്**

സ.ഉ.(സാധാ ) നം. 100/2020/ഭ.പൊ.വി.വ തിരുവനന്തപുരം, തീയതി 27.03.2020

======================================================================

പരാമർശം:1) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 23.03.2020 ലെ സിസി എസ് എ 4-519/2020 ലെ നമ്പർ കത്ത്.

**ഉത്തരവ്**

വിശപ്പ രഹിത കേരളം പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിക്കുന്ന ജനകീയ ഹോട്ടലുകൾക്ക് അരി ലഭ്യമാക്കണമെന്ന് കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ആവശ്യപ്പെടുകയും പദ്ധതിക്ക് ആവശ്യമായ അരി Tide Over വിഹിതത്തിൽ നിന്നും CMR/FCI അരി അനുവദിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിരുന്നു. ഈ പദ്ധതിയ്ക്കായി, 1000 ഹോട്ടലുകൾക്ക് 600 ടൺ അരി ആവശ്യമായി വരുമെന്നും, പ്രസ്തുത ഹോട്ടലുകൾക്ക് തൊട്ടടുത്തുള്ള റേഷൻ കടകളിൽ നിന്നും കിലോഗ്രാമിന് 10.90 രൂപ നിരക്കിൽ അരി നൽകുന്നതിന് റേഷൻ പെർമിറ്റ് നൽകുന്നതിനുള്ള അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ജനകീയ ഹോട്ടലുകൾക്ക് Tide Over വിഹിതത്തിൽ നിന്നും അരി അനുവദിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകൾ ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് പെർമിറ്റ് നൽകുന്നതിനും അനുമതി നൽകി ഉത്തരവാകുന്നു. ഇപ്രകാരം അനുവദിക്കുന്ന അരി ഈ ഹോട്ടലുകളിലെ ആവശ്യത്തിന് മതിയാകുന്ന അളവിൽ മാത്രമാണെന്നും, പ്രസ്തുത ആവശ്യത്തിനു മാത്രമേ ഉപയോഗിക്കുന്നുള്ളുവെന്നും ബന്ധപ്പെട്ട ജില്ലാ സപ്ലൈ ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം
**മണിലാൽ ബി എസ്**
**ജോയിന്റ് സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
സിവിൽ സപ്ലൈസ് കമ്മീഷണർ, തിരുവനന്തപുരം
സിവിൽ സപ്ലൈസ് ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
സാമൂഹ്യ നീതി വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ഓഫീസ് കോപ്പി/കരുതൽ ഫയൽ/ഓഫീസ് സെക്ഷൻ

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ